PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

FIRST SESSION—1950

Friday, *the 31st March 1950*

Vol. I] OFFICIAL REPORT [No. 21

The Assembly met in the Legislative Chamber, Trivandrum, at 11 of the clock on Friday, the 31st March 1950 with Mr. Speaker in the Chair.

QUESTIONS AND ANSWERS

Oral Answers

(The numbers within brackets indicate the numbers in the list of admitted questions).

LAND POLICY

*772. [1] **Sri. D. Gnanasigamony:** Will the Hon'ble Minister for Revenue be pleased to state.—

(*a*) the nature and scope of the work of the Land Policy Committee appointed by Government; and

(*b*) whether it is true that the committee has been constituted to implement the land policy as declared by the Congress Committees of Travancore and Cochin?

Minister for Finance and Revenue **Sri. A. J. John:**

(*a*) The whole information could be gathered from the Government Proceedings dated 24th September 1949 and published in the Government Gazette dated the 25th September 1949.

(*b*) The Committee is informed that they have to respect the Election Manifestoes.

Sri. D. Gnanasigamony: May I know, Sir, whether it can be in conflict with the Land Policy in the Indian Dominion?

Sri. A. J. John: It may not be.

ശ്രീ. കണ്ണാറ ഗോപ്പാലപണിക്കർ: ഭൂവുടമസ്ഥതയില്ലാത്തവരുടെ പ്രതിനിധികളായി ആരും ആ കമ്മിറ്റിയിൽ ഇല്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഭൂവുടമയില്ലാത്തവരുടെ പ്രതിനിധികളും കമ്മിറ്റിയിലുണ്ട്.

VANCHI POOR FUND

*773. [2] **Sri. N. D.. Jose:** Will the Hon'ble Minister for Finance be pleased to state.—

(*a*) the total assets of the Vanchi Poor Fund at present;

(*b*) the places at which relief works are carried; and

(*c*) the nature of the relief work?

Sri. A. J. John:

(*a*) Rs. 22,17,386.

(*b*) Trivandrum, Alleppey and Kottayam.

(*c*) In Trivandrum, 3,228 school children of 22 schools are given mid-day meals on all school days. Grants are given to 6 schools in the Moffussil for mid-day meals to poor children. One free meal is being given daily to the inmates of the Sri Chitra Home and Ulloor Dharmalayam.

ശ്രീ. കെ. എ. മാത്യു: ഈ ഫണ്ടു് മാനേജുചെയ്യുന്നതിനു് ഒരു കമ്മിറ്റിയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്.

ശ്രീ. കെ. എ. മാത്യു: ആരാണു് അതിന്റെ ചെയർമാൻ?

ശ്രീ. എ. ജെ. ജാൺ: അഡ്വാർണി ജനറൽ ആയിരുന്ന അതിന്റെ ചെയർമാൻ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. മാത്യു: ചെയർമാനെ ഗവണ്മെൻറിൽ നിന്നാണോ നിയമിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ: ചെയർമാനെ നോമിനേറ ചെയ്യുന്നതിനുള്ള അവകാശം ഗവണ്മെൻറിനുണ്ട്. മുഴുവൻ ആളുകളെയും ഗവണ്മെൻറാണോ നിയമിക്കുന്നതെന്നു ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. കണ്ണാറത്തോപ്പിലച്ചൻ: ഇപ്പോൾ കമ്മിറ്റിയിൽ എത്രപേരുണ്ട്?

ശ്രീ. എ. ജെ. ജാൺ: സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ടി. ചാക്കോ: ഈ ഫണ്ടിൻെറ ഭരണം സംബന്ധിച്ചു സ്റ്റാറ്റ്യൂട്ടറിയായി വല്ല നിയമവും ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല. ഒരു ട്രസ്റ്റിൻെറ നിയമം മാത്രമെയുള്ളു.

ശ്രീമതി ദേവകിഗോപിദാസ്: തലപ്പള്ളിയും കോട്ടയത്തുമുള്ള ഫണ്ടുകളും ഗവണ്മെൻറിൻെറ നിയന്ത്രണത്തിലാണോ നടത്തുന്നത്?

ശ്രീ. എ. ജെ. ജാൺ: അതാതു സ്ഥലത്തുള്ള മുനിസിപ്പാലിറ്റികളാണു അവ നടത്തുന്നതു്.

Shaib Bhdur Abdul Razaak: Is there any special reason for choosing these three stations?

Sri. A. J. John: No special reason.

ശ്രീ. എം. ഐ. പോൾ: ഈ കമ്മിറ്റിയംഗങ്ങളെ നിയമിച്ചിട്ടുള്ളതു് ഏതെല്ലാം വ്യവസ്ഥകളോടുകൂടിയാണു്?

ശ്രീ. എ. ജെ. ജാൺ: അതിലേക്കു ചില വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ടു്. പ്രത്യേകം ഒരു ട്രസ്റ്റിൻെറ നിയമം അനുസരിച്ചാണു് ഈ ഫണ്ടിൻെറ ഭരണം നടക്കുന്നതു്. ആ ട്രസ്റ്റിൻെറ വ്യവസ്ഥകളനുസരിച്ചാണു് കമ്മിറ്റിയംഗങ്ങളെ നിയമിച്ചിരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: ഈ ട്രസ്റ്റിൻെറ വ്യവസ്ഥകളിൽ ഈ കമ്മിറ്റിയംഗങ്ങൾക്കു എന്തെങ്കിലും അലവൻസോ മറ്റൊ കൊടുക്കുവാൻ വ്യവസ്ഥയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു ട്രസ്റ്റിൻെറ വായിച്ചുനോക്കിയാലേ അറിയാവൂ. അതിപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. എം. ഐ. പാൾ: സർ, ഒരു പോയൻറ് ഓഫ് ഓർഡർ. ഇങ്ങനെയുള്ള ചോദ്യോത്തരവേളയിൽ സംഗതങ്ങളായ ഉപചോദ്യങ്ങൾക്കു് ഉത്തരം പറയത്തക്കനിലയിൽ ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ചു ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും മന്ത്രി ഉത്തരം പറയേണ്ടതല്ലേ?

മിസ്റ്റർ സ്പീക്കർ: സംഗതങ്ങളായ ഉപചോദ്യങ്ങൾക്കു് ഉത്തരം പറയാൻ തയാറാകേണ്ടതാണു്. അതിലേക്കു് ആവശ്യമുള്ള വിവരങ്ങൾ കഴിവുള്ളിടത്തോളം ശേഖരിച്ചു ഉത്തരം തരാൻ ശ്രമിക്കേണ്ടതുതന്നെ.

ശ്രീ. എ. ജെ. ജാൺ: വഞ്ചി പൂവ്വർഫണ്ടു് ഗവണ്മെൻറിൻെറ മാനേജ്മെൻറിലുള്ള ഒരു സ്ഥാപനമല്ല. ഗവണ്മെൻറ അതിൽ ഇടപെട്ടിട്ടുണ്ടു്, ഗ്രാൻറ കൊടുക്കുന്നുണ്ടു് അങ്ങനെ ചില കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നേയുള്ളു.

ശ്രീ. എം. ഐ. പാൾ: ഈ സ്ഥാപനത്തിന്മേൽ ഗവണ്മെൻറിനു എന്തെങ്കിലും നിയന്ത്രണാധികാരമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെൻറിനു മൂന്നോ രണ്ടോ മെമ്പറന്മാരെ നോമിനേറ ചെയ്യുന്നതിനുള്ള അധികാരമുണ്ടു്.

ശ്രീ. എം. ഐ. പാൾ: എതെല്ലാം വ്യവസ്ഥകളിന്മേലാണു ഗവണ്മെൻറ മെമ്പറന്മാരെ നോമിനേറ ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതു ട്രസ്റ്റിൻെറ വ്യവസ്ഥകൾ നോക്കിയാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളു എന്നു പറഞ്ഞു കഴിഞ്ഞു.

ശ്രീ. എം. ഐ. പാൾ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇങ്ങനെയുള്ള സംഗതങ്ങളായ ഉപചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയാതിരിക്കുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ : അറിവിൽ പെട്ടിട്ടില്ലാത്ത കാര്യങ്ങൾ 'അറിയാൻ പാടില്ല' എന്നു പറയാം. (ചിരി)

ശ്രീ. ഏ. താണുപിള്ള : ഈ ഫണ്ടിനെ സംബന്ധിച്ചു ഗവണ്മെൻറിനു് എന്തെങ്കിലും ചെലവുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : ഗവണ്മെൻറു് ഇതിനു ഒരു ഗ്രാൻറു കൊടുക്കുന്നുണ്ടു്.

ശ്രീ. പാറം തളിയത്തു : ഈ ഫണ്ടു് ഇതുവരെ ഓഡിറു ചെയ്തിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : ഓഡിറു ചെയ്തിട്ടുള്ളതായി അറിവില്ല.

ശ്രീ. പി. ടി. ചാക്കോ : ഈ ഫണ്ടിൻെറ ഭരണം നടത്തുവാൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയെ ഏർപ്പെടുത്തുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിക്കുമോ?

ശ്രീ. ഏ. ജെ. ജാൺ : ഇതു ഗവണ്മെൻറിൻെറ കീഴിലുള്ള ഒരു സ്ഥാപനമല്ല. ഗവണ്മെൻറു് ഇതിലേക്കു ഗ്രാൻറു കൊടുക്കുന്നുവെന്നു മാത്രമെയുള്ളു. പബ്ലിക്കു പണം പരിച്ചുണ്ടാക്കിയ ഒരു സ്ഥാപനമാണിതു്. അങ്ങനെയുള്ള ഒരു സ്ഥാപനത്തിൽ ഗവണ്മെൻറു് പ്രവേശിക്കുന്നതു ശരിയാണോ എന്നു സംശയമുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : ഗവണ്മെൻറിൽനിന്നും യാതൊരു നിയന്ത്രണവുമില്ലാത്ത മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കു ഗ്രാൻറു കൊടുക്കുന്നുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. കെ. എ. മാത്യു : ഗവണ്മെൻറിൻെറ ഉദ്യോഗസ്ഥന്മാർ ചേർന്നല്ലേ പണം പിരിച്ചിട്ടുള്ളതു്?

ശ്രീ. ഏ. ജെ. ജാൺ : പലരും കാണും.

ശ്രീ. പി. ടി. ചാക്കോ : ഇതു് ഒരു ട്രസ്റ്റായിട്ടു ഗണിക്കുകയും അതിലേക്കു ചില ചുമതലകൾ ഗവണ്മെൻറിനുണ്ടായിരിക്കുകയും ചെയ്യുന്ന നിലയ്ക്കു് അതിൻെറ ശരിയായ ഭരണം നടത്തുവാനുള്ള ചുമതല ഗവണ്മെൻറിനുണ്ടെന്നു വിചാരിച്ചു് അതിലേക്കാവശ്യമുള്ള നിയമനിർമ്മാണം ചെയ്യുവാൻ ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ?

Mr. Speaker: That question does not arise.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ വഞ്ചിപുഴ് ഫണ്ടു് തുടങ്ങിയതു് ആരാണു്?

ശ്രീ. ഏ. ജെ. ജാൺ : പൊതുജനങ്ങളും അന്നത്തെ ദിവാൻജിയുംകൂടി.

ആദായനികുതി കമ്മീഷൻ

* ൭൭൪. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആദായനികുതി കമ്മീഷനെ നിയമിച്ചതു എന്നാണെന്നു പറയുവാൻ കഴിയുമോ;

(ബി) ൧൯൫൦ ഫെബ്രുവരി അവസാനംവരെ, ആ കമ്മീഷനെ നിയമിച്ചതുമൂലം ഗവണ്മെൻറിനു് എത്ര ചെലവായി എന്നു പറയുവാൻ കഴിയുമോ;

(സി) കമ്മീഷനു നാളിതുവരെ എത്ര കേസ്സുകൾ അയച്ചുകൊടുത്തു; എത്ര കേസ്സുകൾ തീർന്നു;

(ഡി) കമ്മീഷൻ അംഗങ്ങൾ full time Officers ആണോ part time Officers ആണോ?

ശ്രീ. ഏ. ജെ. ജാൺ :

(എ) ൧൯൪൬—൪൭ മുതൽ.

(ബി) ഡാറ്റ കൈവശമില്ല.

(സി) അയച്ചുകൊടുത്ത കേസുകൾ ൧൫, തീർന്നതു നാലു്

(സി) ഏതൊരു ആപ്പീസേഴ്സല്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : അവക്കു നാളെ മുതൽ പ്രവർത്തനം ഉണ്ടായിരിക്കുമോ?

ശ്രീ. ഏ. ജെ. ജാൺ : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly